Provides Education on Dharma and Sadhana in a Scientific Terminology

# SANATAN SANSTHA

Reg. No. : 1/IV/2, Ponda, Goa.

**Reg. off.:** Sanatan Ashram, 24/B, Ramnathi village, Bandora, Ponda- Goa 403 401

**Tel.:** (0832) 2312664 **Fax :** (0832) 2318108 **Email :** sanatan2025@gmail.com **Website :** www.sanatan.org

**തീയതി** : 21.07.2021

<u>പത്രക്കുറിപ്പ്</u>

## സനാതൻ സംസ്ഥയും ഹിന്ദു ജനജാഗൃതി സമിതിയും സംയുക്തമായി 11 ഭാഷകളിൽ ഓൺലൈൻ 'ഗുരുപൂർണിമ മഹോത്സവം' സംഘടിപ്പിക്കുന്നു !

**കൊച്ചി** : എപ്പോഴെല്ലാം രാഷ്ട്രവും ധർമവും പ്രതിസന്ധികളിൽ പെട്ടിട്ടുണ്ടോ, അപ്പോഴെല്ലാം ഗുരു-ശിഷ്യ പരമ്പര മുഖേന ധർമസംസ്ഥാപനത്തിന്റെ മഹത്കാര്യം നടന്നിട്ടുണ്ട്. ശ്രീകൃഷ്ണ ഭഗവാൻ അർജുനനെ കൊണ്ടും, ആര്യ ചാണക്യൻ ചന്ദ്രഗുപ്തനെ കൊണ്ടും ആ സമയത്തുള്ള ദുരാചാരങ്ങളെ ഇല്ലാതാക്കി മാതൃകാപരമായ ധർമാധിഷ്ഠിത രാജ്യ ഭരണവ്യവസ്ഥ സ്ഥാപിതമാക്കി. വർത്തമാന കാലത്തും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ധർമത്തിന്റെയും സ്ഥിതി വളരെ ദയനീയം ആയിരിക്കുകയാണ്. ഇത്തരം സമയങ്ങളിൽ ജനങ്ങളെ പീഡിപ്പിക്കുന്ന ദുഷ്പ്രവണതകൾക്കെതിരെ പോരാടുകയും രാമരാജ്യത്തിന് സമാനമായ 'ഹിന്ദു രാഷ്ട്രം' സ്ഥാപിക്കുകയും ചെയ്യുക എന്നത് കാലമനുസരിച്ചുള്ള ഗുരുസേവ തന്നെയാണ്. ഈ ലക്ഷ്യബോധത്തോടെ സനാതൻ സംസ്ഥയും ഹിന്ദു ജനജാഗൃതി സമിതിയും സംയുക്തമായി ഭാരതം മുഴുവൻ ഓൺലൈൻ ഗുരുപൂർണിമ മഹോത്സവം ആഘോഷിക്കുന്നു. കൊറോണ മഹാമാരി കാരണം ഈ വർഷവും ഓൺലൈൻ പരിപാടികൾ മാത്രമേ നടത്തുകയുള്ളൂ.

മലയാളം, ഇംഗ്ലീഷ്, കന്നഡ, തെലുങ്ക്, തമിഴ്, മറാഠി, ഹിന്ദി, ഗുജറാത്തി, പഞ്ചാബി, ബംഗാളി, ഒഡിയ എന്നീ 11 ഭാഷകളിലായി ജൂലൈ 23നും 24നും ഓൺലൈൻ ഗുരുപൂർണിമ മഹോത്സവം സംപ്രക്ഷേപണം ചെയ്യും. ഈ മഹോത്സവത്തിൽ ഗുരുപൂജ, സനാതൻ സംസ്ഥയുടെ സ്ഥാപകനായ പരാത്പര ഗുരു ഡോക്ടർ ജയന്ത് ആഠവലെജി നൽകിയ മാർഗദർശനത്തിന്റ റിക്കാർഡഡ് ഭാഗങ്ങൾ, ആപത്ത് കാലത്തേക്കു വേണ്ട തയ്യാറെടുപ്പുകൾ (വീഡിയോ), കൂടാതെ 'ആപത്തുകാലത്ത് ഹിന്ദുക്കളുടെ രക്ഷയും, ഹിന്ദു രാഷ്ട്രം സ്ഥാപിക്കലും' എന്ന വിഷയത്തെക്കുറിച്ച് മാർഗദർശനവും ഉണ്ടാകും.

ദുരന്തങ്ങൾ വർധിച്ചു വരുന്ന കാലഘട്ടത്തിൽ ഈശ്വരബലം വളരെയധികം ആവശ്യമാണ്. നമ്മൾ ഈ മഹോത്സവത്തിൽ പങ്കെടുക്കുമ്പോൾ ഗുരുവിന്റെ ആശീർവാദം ലഭിക്കുകയും, അതോടൊപ്പം ഹിന്ദുക്കൾ ധാർമിക അടിസ്ഥാനത്തിൽ ഒത്തു കൂടുകയും ചെയ്യുന്നു. എല്ലാ രാഷ്ട്ര-ധർമ സ്നേഹികളായ ഹിന്ദുക്കളും കുടുംബ സമേതം ഈ ഓൺലൈൻ ഗുരുപൂർണിമ മഹോത്സവത്തെ പ്രയോജനപ്പെടുത്തണം എന്ന് സനാതൻ സംസ്ഥ അഭ്യർഥിക്കുന്നു. താങ്കളുടെ ബന്ധുമിത്രാദികൾ, പരിചയക്കാർ എന്നിവരെയും ഇതിനെക്കുറിച്ച് അറിയിക്കുക.

മലയാളത്തിലെ ഓൺലൈൻ ഗുരുപൂർണിമ ഉത്സവം ജൂലൈ 23ന് വൈകിട്ട് 7 മണിക്ക് ആയിരിക്കും. അതിന്റെ യൂട്യൂബ് ലിങ്ക് ആണ് : Youtube.com/HJSKeralam

മറ്റു ഭാഷകളിലുള്ള ഗുരുപൂർണിമ മഹോത്സവത്തെക്കുറിച്ചുള്ള വിവരങ്ങൾക്കായി താഴെ കൊടുക്കുന്ന ഏതെങ്കിലും ലിങ്കിൽ ക്ലിക്ക് ചെയ്യുക :

1. https://www.sanatan.org/en/gurupurnima 2. https://www.hindujagruti.org/hinduism/festivals/gurupurnima

വിശ്വസ്തതയോടെ,

ചേതൻ രാജഹംസ്,
ദേശീയ വക്താവ്, സനാതൻ സംസ്ഥ
**സമ്പർക്കത്തിന്** : 7775858387